(സി) നഷ്ടപരിഹാരം നൽകിയിട്ടില്ല. 1998 നവംബർ, ഡിസംബർ, 1999 ജനുവരി എന്നീ മാസങ്ങളിൽ വ്യാപകമായ കുളമ്പുരോഗം നിമിത്തം മരണമടഞ്ഞ കന്നുകാലികൾക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) 1999 ജനുവരി മാസത്തിനുശേഷം കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം നൽകാനുണ്ട്.

(ഇ) ശ്രീ. സോമന് ധനസഹായം നൽകിയിട്ടില്ല. 1999 ജനുവരി മാസം വരെ ലഭിച്ച അപേക്ഷകളിലാണ് ധനസഹായം നൽകിയിട്ടുള്ളത്. ശ്രീ.സോമന്റെ അപേക്ഷ 99 മേയ് മാസത്തിലേ ലഭിച്ചിട്ടുള്ളൂ.

മഞ്ചേശ്വരം മണ്ഡലത്തിലെ മൃഗാശുപത്രികളും സബ്സെന്ററുകളും

121(862)ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേശ്വരം മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ മൃഗാശുപത്രികളും സബ്സെന്ററുകളും ഇക്കൊല്ലം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അത് എവിടെയൊക്കെ ആണെന്നും വ്യക്തമാക്കുമോ?

ഉത്തരം

മഞ്ചേശ്വരം മണ്ഡലലത്തിൽ പുതിയ മൃഗാശുപത്രികളോ ഐ.സി.ഡി.പി. സെന്ററുകളോ ആരംഭിക്കുവാൻ തൽക്കാലം നിർദ്ദേശമൊന്നുമില്ല.

പിൽഗ്രിം ടൂറിസം

122(863)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ എന്തെല്ലാം;

(ബി) വിശദാംശം വ്യക്തമാക്കുമോ;

(സി) 'പിൽഗ്രിം' ടൂറിസം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാം; എന്തു തുക ഇതിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ക്ഷേത്രനഗരമായ ഹരിപ്പാട് പ്രദേശത്തിന്റെ വികസനത്തിനും തീർത്ഥാടകരെയും വിനോദ സഞ്ചാരികളെയും ആകർഷിക്കുന്നതിനുമായി ഹരിപ്പാട് പ്രദേശത്തെക്കൂടി 'പിൽഗ്രിം' ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് മുഖേന നേരിട്ടും സർക്കാർ ഏജൻസികളായ കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ബേക്കർ റിസോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly

ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, തെന്മല-ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്നിവ വഴിയും നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അവയിൽ മുഖ്യമായവ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)&(ഡി) "പിൽഗ്രിം ടൂറിസം" എന്ന പേരിൽ പ്രത്യേകമായി പദ്ധതികളൊന്നും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ല. പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഗുരുവായൂർ, മലയാറ്റൂർ, കാലടി, തിരുനെല്ലി എന്നിവിടങ്ങളിൽ യാത്രിനിവാസ് നിർമ്മിക്കുന്നതിനും എരുമേലിയിൽ തീർത്ഥാടകർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ടൂറിസംവകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അവ നടപ്പിലാക്കി വരികയാണ്.

(ഇ) ഉണ്ട്.

(എഫ്) ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ പ്രാഥമികമായി പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കേണ്ടത്.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ

123(864)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജില്ലയിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ദേശീയ ഉത്സവമായ ആറാട്ടുപുഴ ഉത്സവത്തിന് ടൂറിസം വകുപ്പ് നൽകുന്ന സഹായം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ടൂറിസ്റ്റുകൾക്ക് ഇവിടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ബേക്കൽവാട്ടർ ടൂറിസം പദ്ധതിയുടെ ഭാഗമായി തൃപ്രയാറിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ഇ) സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് ഒരു സ്ഥിരം സ്റ്റേജ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കനോളികനാലിൽ കായലോര ടൂറിസം വികസനം, ചേറ്റുവ യൂണിറ്റിന്റെ വികസനം, ഡി.ടി.പി.സി. ഓഫീസും ഇൻഫർമേഷൻ സെന്ററും, വിലങ്ങൻകുന്നിന്റെ വികസനം, ഗുരുവായൂർ, തൃപ്രയാർ, തൃശ്ശൂർ എന്നിവിടങ്ങളിൽ ടൂറിസ്റ്റ് അമിനിറ്റി സെന്ററുകൾ എന്നിവയാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജില്ലയിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ.

(ബി) ആറാട്ടുപുഴ ഉത്സവം ഉൾപ്പെടെ, തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഉത്സവങ്ങൾക്ക് രാജ്യാന്തരതലത്തിൽ പ്രചാരം കൊടുക്കുവാനായി പ്രത്യേക

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly